# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 681 04.04.2018 -ൽ മറുപടിക്ക്

## ഓട്ടിസം ബാധിച്ച കുട്ടികളുടെ പഠനപ്രക്രിയ

ചോദ്യം

**ശ്രീ.പി.വി. അൻവർ**
**ശ്രീ.എം. രാജഗോപാലൻ**
**ശ്രീ.ജോർജ് എം. തോമസ്**
**ശ്രീ.സി.കൃഷ്ണൻ**

**ഉത്തരം**

പ്രൊഫ : സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| എ) സംസ്ഥാനത്ത് ഓട്ടിസം ബാധിച്ച കുട്ടികളുടെ പഠനപ്രക്രിയ ലളിതമാക്കുന്നതിനും അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടു വരുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | എ) സർവ ശിക്ഷാ അഭിയാൻ ഓട്ടിസം കുട്ടികൾക്കു വേണ്ടി താഴെപറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br>• ഓട്ടിസം ഉള്ള കുട്ടികളെ പഠനത്തിലും മറ്റു കഴിവുകളിലും പ്രാപ്തരാക്കുന്നതിനായി റിസോഴ്സ് അദ്ധ്യാപകരുടെ സേവനം ഉറപ്പുവരുത്തുകയും കുട്ടികളുടെ കഴിവുകൾ തിരിച്ചറിഞ്ഞ് ആവശ്യമായ പ്രവർത്തനങ്ങൾ നൽകിയും വരുന്നു.<br>• കുട്ടികൾക്കാവശ്യമുള്ള വിവിധതരം തെറാപ്പികൾ തെറാപ്പിസ്റ്റുകളുടെ സഹായത്തോടെ നൽകിയും വരുന്നു. (സ്പീച്ച്, ഫിസിയോ, ഒക്കുപ്പേഷണൽ, ബിഹേവിയർ തെറാപ്പികൾ എന്നിവ നൽകുന്നു)<br>• റിസോഴ്സ് അദ്ധ്യാപകരുടെ പിന്തുണയോടെ അക്കാദമിക സേവനം ഉറപ്പുവരുത്തുന്നു.<br>• സാമൂഹ്യപരമായ ഉൾച്ചേർക്കൽ പരിപാടിയുടെ ഭാഗമായി സഹവാസ ക്യാമ്പുകൾ സായന്തനവേദി പ്രോഗ്രാമുകൾ എന്നിവ നടത്തുന്നു.<br>• രക്ഷിതാക്കൾക്കായി കൗൺസലിംഗ്, ബോധവൽക്കരണ പരിപാടികൾ നടത്തുന്നു.<br>• പഠനത്തെ സഹായിക്കുന്നതിനായി പഠനയാത്രകൾ സംഘടിപ്പിക്കുന്നു. |

ഓട്ടിസം ഉൾപ്പെടെ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികളെ പഠനത്തിൽ സഹായിക്കുന്നതിനായി ആർ.എം.എസ്.എ പദ്ധതിയിൻകീഴിൽ വിവിധ സ്കൂളുകളിൽ റിസോഴ്സ് അദ്ധ്യാപകരും ആയമാരും നിലവിലുണ്ട്.

ബി) ഇത്തരം കുട്ടികളുടെ സാമൂഹ്യ പങ്കാളിത്തം പ്രോത്സാഹിപ്പിച്ചുകൊണ്ടും ആശയ വിനിമയം വർദ്ധിപ്പിച്ചുകൊണ്ടും പെരുമാറ്റവൈകല്യം കുറച്ചുകൊണ്ടുവരാൻ സഹായകരമായ ഓട്ടിസം പാർക്കുകൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

ബി) 2017-18 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ 2202-01-101-76 (പി) എന്ന ശീർഷകത്തിൽ (റവന്യൂ സെക്ഷൻ) വകയിരുത്തിയിട്ടുള്ള 280 ലക്ഷം രൂപയും, 4202 - 01-201 -92 (പി) എന്ന ശീർഷകത്തിൽ (ക്യാപ്പിറ്റൽ സെക്ഷൻ) അടിസ്ഥാന സൗകര്യ വികസനത്തിനായി മൂലധന ചെലവിനത്തിൽ വകയിരുത്തിയിട്ടുള്ള 420 ലക്ഷം രൂപയും ചേർത്ത് 700 ലക്ഷം രൂപ വിനിയോഗിച്ച് സംസ്ഥാനത്തെ ഒരു ജില്ലയിലെ ഒരു നിയോജക മണ്ഡലത്തിൽ നിന്ന് ഒരു സ്കൂൾ എന്ന കണക്കിൽ 14 സർക്കാർ സ്കൂളുകളിൽ 14X50 ലക്ഷം രൂപ കണക്കാക്കി, പദ്ധതിരേഖയിൽ അനുശാസിക്കും വിധം 'ഓട്ടിസം പാർക്ക്' എന്ന പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിട്ടുണ്ട്. കൂടാതെ സർവ ശിക്ഷാ അഭിയാൻ നിയന്ത്രണത്തിൽ പതിന്നാലു ജില്ല കളിലായി 50 ഓട്ടിസം സെന്ററുകൾ പ്രവർത്തിക്കുന്നു. ആശയ വിനിമയത്തിനും മറ്റുമായി സ്പീച്ച് തെറാപ്പി പെരുമാറ്റപ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 'ബിഹേവിയർ തെറാപ്പി' എന്നിവയും നൽകുന്നു. സാമൂഹ്യ പരമായി ഇട പെടുന്നതിനും മുഖ്യധാരയിൽ എത്തിക്കുന്നതിനും സഹവാസ ക്യാമ്പുകൾ രക്ഷിതാക്കൾക്കുള്ള കൗൺസിലിംഗ് എന്നി സേവനങ്ങളും നൽകി വരുന്നു

സി) പഠന പ്രക്രിയയിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം അദ്ധ്യാപർക്ക് നൽകുവാൻ എന്തെല്ലാം നടപടികളാണ് ഈ പദ്ധതി പ്രകാരം സ്വീകരിച്ചിട്ടുള്ളത്;

സി) സർവ്വ ശിക്ഷാ അഭിയാന്റെ കീഴിൽ പ്രവർത്തിക്കുന്ന ഓട്ടിസം സെന്ററുകളിലെ റിസോഴ്സ് അദ്ധ്യാപകർക്ക് പ്രസ്തുത മേഖലയിലെ വിദഗ്ദ്ധരുടെ സേവനം പ്രയോജനപ്പെടുത്തി പരിശീലനം നൽകുന്നു. പൊതു വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്ക് ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസത്തിൽ ഇടപെടേണ്ടതിനെ സംബന്ധിച്ച് പരിശീലനവും നൽകി വരുന്നു.

ഡി ഓട്ടിസം ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾക്കായി കൗൺസിലിംഗ്, പരിശീലനം മുതലായവ നൽകുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഇത്തരം ഓട്ടിസം സെന്ററുകളിൽ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത പദ്ധതിക്കായി 2018 -19 ബജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഡി) വിദഗ്ദ്ധരുടെ ക്ലാസുകൾ വിവിധ തെറാപ്പിസ്റ്റുകളുടെ സേവനം എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്. 2018-19 ലെ സംസ്ഥാന ബഡ്ജറ്റിൽ 2202-01-101-76, 4202 -01-201-92 എന്നീ ശീർഷകങ്ങളിലായി 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ